**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 765** **28-06-2022 - ൽ മറുപടിയ്ക്ക്**

**വർക്കല സബ്-രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. വി.എന്‍ വാസവന്‍<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | വർക്കല സബ്-രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | 2016-17 ബഡ്ജറ്റ് പ്രകാരം കിഫ്ബി പദ്ധതി മുഖേന നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വർക്കല സബ് രജിസാർ ഓഫീസിന് പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകുകയും പ്രസ്തുത നിർമ്മാണ പ്രവൃത്തിക്ക് 19.01.2021-ൽ 1,58,32,062/- രൂപയുടെ സാങ്കേതിക അനുമതി ലഭിക്കുകയുമുണ്ടായി. 20.01.2021ൽ ഓൺലൈനിലൂടെയും പത്രങ്ങളിലൂടെയും ദർഘാസ് ക്ഷണിക്കുകയുണ്ടായെങ്കിലും, നിയമസഭാ തിരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് പെരുമാറ്റചട്ടം നിലവിൽ വന്നതിനാലും, കോവിഡ്-19 മഹാമാരി പടർന്നതിനോടനുബന്ധിച്ച് ലോക്ക്ഡൗൺ നിലവിൽ വന്നതിനാലും ഗവൺമെന്റ് ടെണ്ടർ കമ്മിറ്റി കൂടുവാൻ സാധിച്ചിരുന്നില്ല. ഈ സാഹചര്യത്തിൽ, പ്രസ്തുത ദർഘാസ് റദ്ദ് ചെയ്ത് 23.07.2021 ഓൺലൈനിലൂടെയും ദിനപത്രങ്ങളിലൂടെയും പുനർദർഘാസ് ക്ഷണിക്കുകയുണ്ടായി. പ്രസ്തുത ദർഘാസിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ.എസ്.രതീഷിന്റെ ദർഘാസ് ഗവൺമെന്റ് ടെണ്ടർ കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചുവെങ്കിലും 21/10/2021-ന് നടന്ന ടെണ്ടർ കമ്മിറ്റി പ്രവൃത്തി കോമ്പസിറ്റ് വർക്കായി വീണ്ടും ടെണ്ടർ ചെയ്യുവാൻ നിർദ്ദേശിക്കുകയാണുണ്ടായത്. PRICE-2 എന്നത് PRICE-3 യിലേക്കും DSoR 2016 എന്നത് DSoR 2018 ലേക്കും മാറ്റം വന്ന സാഹചര്യത്തിൽ, പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിലേയ്ക്കായി എസ്റ്റിമേറ്റ് പുനർനിർണ്ണയിച്ച് ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കി, ആയത് കിഫ്ബിയുടെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ | (ബി) | നിർദ്ദേശങ്ങൾ ഒന്നും നൽകിയിട്ടില്ല. |

| | | | |
|---|---|---|---|
| | ത്വരിതപ്പെടുത്തുവാൻ നിർവ്വഹണ ഏജൻസിയായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ